**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 473**
**04-02-2020 ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

**ചോദ്യം :**
**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അപാകതയുണ്ടെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| ബി | പെൻഷൻ വിഹിതത്തിലേക്ക് സർക്കാരിന്റെ മാച്ചിങ് ഫണ്ട് വൈകിയിട്ടും അതിന് പലിശ നൽകിയില്ല, ശമ്പളത്തിൽ നിന്നും പിടിച്ച പെൻഷൻ വിഹിതം യഥാസമയം നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന് നൽകിയില്ല, അഖിലേന്ത്യ സർവ്വീസുകാരുടെ ബാക്ക് ലോഗ് വിഹിതം ഈടാക്കിയില്ല തുടങ്ങിയ വിഷയങ്ങൾ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. |
| സി | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കൃത്യമായി വിഹിതം ഈടാക്കുന്നത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇതിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | നിലവിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കൃത്യമായി എൻ.പി.എസ് വിഹിതം ഈടാക്കുന്നത് നിരീക്ഷിക്കാൻ സംവിധാനമില്ല. സംസ്ഥാന ട്രഷറി സ്പാർക്കുമായി സഹകരിച്ച് മേൽ സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി | ജീവനക്കാരിൽ നിന്നും എന്നു മുതലാണ് പെൻഷൻ വിഹിതം പിടിച്ചു തുടങ്ങിയത്; സർക്കാർ വിഹിതം എന്നു മുതലാണ് അടച്ചു തുടങ്ങിയത്; സർക്കാർ വിഹിതം വൈകിയിട്ടും അതിനുള്ള പലിശ ജീവനക്കാരന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ലെന്ന പരാതി | ഫെബ്രുവരി 2014 മുതൽക്കുള്ള ശമ്പളത്തിൽ നിന്നാണ് വിഹിതം ഈടാക്കിത്തുടങ്ങിയത്. 01.04.2013 മുതൽ 31.05.2014 വരെയുള്ള സർക്കാർ വിഹിതത്തിന് പലിശ ജീവനക്കാരന് അനുവദിക്കുന്നതിനായി സർക്കാർ 14.01.2015-ലെ സ.ഉ (പി) നം. 25/2015/ധന. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ |

| | | |
|---|---|---|
| | പരിശോധിക്കുമോ; വിശദമാക്കുമോ; | വിഹിതം വൈകിയിട്ടും അതിനുള്ള പലിശ ജീവനക്കാരന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയം പരിഹരിക്കുന്നതിനായി സർക്കാർ 10.12.2019-ലെ സർക്കുലർ നമ്പർ 96/2019/ധന. പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഇ | 2018 ജനുവരി മുതൽ 2019 ഡിസംബർ വരെ എത്ര പേർ സർക്കാർ സർവ്വീസിൽ ചേർന്നു; ഇതിൽ എത്ര പേർക്ക് പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (പ്രാൺ) അനുവദിച്ചു; എത്ര പേർക്ക് നമ്പർ നൽകിയിട്ടില്ല; കാരണം ലഭ്യമാക്കുമോ; | സ്പാർക്കിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് 2018 ജനുവരി മുതൽ 2019 ഡിസംബർ വരെ 47814 പേർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. എൻ.എസ്.ഡി.എൽ ന്റെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കാലയളവിൽ 45059 ജീവനക്കാർക്ക് പ്രാൺ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടപ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രാണിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (പ്രാൺ) അനുവദിച്ചിട്ടുണ്ട്. |
| എഫ് | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ട അപാകതകളെ സംബന്ധിച്ച് കേരളത്തിന് അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ; ഇവയ്ക്ക് ധനകാര്യവകുപ്പ് അയച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ; | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ട അപാകതകളെ സംബന്ധിച്ച് കേരളത്തിന് കത്തുകൾ അയച്ചിട്ടില്ല. |
| ജി | പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പരാതി ബോധിപ്പിക്കാനുള്ള ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമാക്കുമോ; 2018 ജനുവരി മുതൽ 2019 ഡിസംബർ 31 വരെ പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചു; ഇതിൽ എത്ര പരാതികൾക്ക് മറുപടി നൽകി; വിശദമാക്കുമോ? | ദേശീയ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പരാതികൾ ധനകാര്യ വകുപ്പിലെ സ്റ്റേറ്റ് നോഡൽ ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. snokerala.fin@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലും www.cnokerala.gov.in എന്ന വെബ് സൈറ്റിലും ലഭ്യമായിട്ടുള്ള എല്ലാ പരാതികൾക്കും DDO/സ്പാർക്ക് മുഖേന പരിഹാരം കണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ